പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.1060

10.06.2019 -ലെ മറുപടിയ്ക്ക്

## ഭവനരഹിതരായ തോട്ടം തൊഴിലാളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തോട്ടം മേഖലയിലെ ലായങ്ങളുടെ അവസ്ഥ പരിതാപകരമാണെന്നത് വസ്തുതയല്ലേ; | എ) അതെ |
| ബി) പ്രസ്തുത ലായങ്ങളെ കെട്ടിടനികുതിയിൽ നിന്നും ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | ബി) ഉണ്ട് |
| സി) ഭവനരഹിതരായ എത്ര തോട്ടം തൊഴിലാളികൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; | സി) തോട്ടം മേഖലയിലെ ഭൂരഹിതരും ഭവനരഹിതരുമായ തൊഴിലാളികളെ സംബന്ധിച്ച് തൊഴിൽ വകുപ്പ് നടത്തിയ സർവ്വെയിലെ വിവരം ചുവടെ ചേർക്കുന്നു.<br><br>കാറ്റഗറി 1:- റിട്ടയർ ചെയ്തിട്ടും തോട്ടത്തിലെ ലയങ്ങളിൽ താമസിക്കുന്നവരിൽ സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവർ - 4197<br><br>കാറ്റഗറി 2:- റിട്ടയർ ചെയ്തിട്ടും തോട്ടത്തിലെ ലയങ്ങളിൽ താമസിക്കുന്നവരിൽ സ്വന്തമായി സ്ഥലമുണ്ടാവുകയും എന്നാൽ വീടില്ലാത്തവരുമായവർ -1040<br><br>കാറ്റഗറി 3:- നിലവിൽ തോട്ടത്തിനകത്ത് ജോലി ചെയ്ത് വരുന്നവരിൽ കേരളത്തിൽ സ്വന്തമായി സ്ഥലമുള്ളവർ (സ്ഥലമുണ്ടാകുകയും എന്നാൽ വീടില്ലാത്തവരുമായവർ) - 4825<br><br>കാറ്റഗറി 4:- സ്വന്തമായി വീടും, സ്ഥലവും ഇല്ലാത്ത തോട്ടം തൊഴിലാളികൾ- 22529 |
| ഡി) ഇവർക്ക് വീട് പണിത് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്ക് ലൈഫ് മിഷൻ പദ്ധതി മുഖേന വീട് വച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിനായി രണ്ട് കിടക്കമുറികളും, ഒരു ഹാളും, അടുക്കളയും, ടോയിലെറ്റും അടക്കം 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ